# ചിലങ്ക

" ആഴങ്ങളിലേയ്ക്ക് ഊളിയിട്ടിറങ്ങി, സ്പതസ്വരത്തിന്റെ അകമ്പടിയോടെ ഇന്നും ഞാനാ യാത്ര പോയി, യാത്രയിലെങ്ങും കൂരിരുട്ടിന്റെ കാവൽക്കാർ, അന്ത്യനിമിഷങ്ങളിലെവിടെയോ കരയുന്ന ചിലങ്കയും അതിൽ നിന്നടർന്നു വീഴുന്ന കണ്ണുനീർത്തുള്ളികളും. ആ നിമിഷത്തിലാണ് എല്ലാ രാത്രികളും സ്വപ്നാടനം അവസാനിപ്പിക്കുന്നത് "

ഞാനെഴുതിയ ഡയറിക്കുറിപ്പ് വായിച്ച്, രമ്യ സ്തംബ്ധയായി ഇരുന്നതെയുള്ളു.

"ഏട്ടാ ഇത് സത്യമാണോ ? ഈ സ്വപ്നം തന്നെയാണോ ഏട്ടൻ കുറെ മാസങ്ങളായ് ഇടയ്ക്കിടെ കാണുന്നത് ?"

അതേ മോളെ എല്ലാം വ്യക്തമാണ് എന്താ ഇത് തന്നെ വീണ്ടും വീണ്ടും കാണുന്നതെന്ന് മാത്രം മനസ്സിലാകുന്നില്ല. അത് കൊണ്ട് തന്നെ മനസ്സ് അസ്വസ്ഥമാണ്.

"സാരമില്ല ഏട്ടാ എല്ലാം ശരിയാകും ഏട്ടൻ വേഗം റെഡിയായി ജോലിയ്ക്ക് പോകാൻ ഇറങ്ങു, ഇനിയും സംസാരിച്ചിരുന്നാൽ വൈകും, വൈകിട്ട് പറ്റുമെങ്കിൽ നേരത്തെ വരണേ നമുക്ക് അമ്മയെയും കൂട്ടി പുറത്ത് പോകാം

പ്രഭാത കർമ്മങ്ങൾക്കും, പ്രാർത്ഥനയ്ക്കും ശേഷം, അമ്മയ്ക്ക് പതിവുള്ള ഉമ്മയും നൽകി രമ്യയെ പിച്ചി നോവിച്ച്, രാജ് മോഹൻ ഓഫീസിലേയ്ക്ക് പോകാനിറങ്ങി...

"മോനെ ഈ ഇഡ്ഡലി കഴിച്ചിട്ട് പോടാ, എല്ലാ ദിവസവും ഞാനിതാർക്കു വേണ്ടിയാ ഉണ്ടാക്കി വയ്ക്കണെ, നിന്റെ പുന്നാര പെണ്ണുങ്ങളാണേൽ ഡയറ്റിങ് എന്ന് പറഞ്ഞ് ഒന്നും കഴിക്കില്ല ഓട്ട്സ് മാത്രം, ഇങ്ങനെയാണേൽ ഞാൻ പാചകം നിർത്തുവാ നിങ്ങൾക്ക് വേണ്ടേൽ എനിക്കും വേണ്ട നിന്റെ അച്ഛനിവിടില്ലാണ്ടായതിൽ പിന്നെ ഇവിടെ എന്നാ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചിട്ടുള്ളത്, എന്റെ കൂടെ ഭക്ഷണം കഴിക്കാൻ നിനക്കും നിന്റെ പെണ്ണുങ്ങൾക്കും പറ്റില്ലേൽ എന്റെ ഇഷ്ടത്തിന് എനിക്കിഷ്ടപ്പെട്ട ഒരു കുട്ടിയെ ഞാൻ മരുമോളായി കണ്ടെത്തും നോക്കിക്കോ "

അയ്യോ അമ്മക്കുട്ടി പിണങ്ങല്ലേ,
ഇന്ന് അത്യാവശ്യമായ ചില വർക്ക് ഉള്ളത് കൊണ്ടാ നേരത്തെ പോകണം അത് കൊണ്ടാ, നാളെ മുതൽ അമ്മയുടെ കണ്ണൻ ബ്രേക്ക് ഫാസ്റ്റ് കഴിച്ചിരിക്കും എന്റെ പെണ്ണുങ്ങളാണെ സത്യം"

അതും പറഞ്ഞ് രമ്യയുടെ തലയിൽ കൈവയ്ക്കാൻ രാജ്മോഹൻ ഒരുങ്ങിയപ്പോൾ
" അയ്യടാ അങ്ങനിപ്പം എന്റെ തലയിൽ കൈവച്ച് സത്യം ചെയ്യണ്ട, ചേട്ടന്റെ സത്യം ചെയ്യലൊക്കെ ഞങ്ങൾ കുറെ കണ്ടതാ വേഗം വണ്ടി വിട്ടോ സാറെ"...

ബാലു സാറിന്റെ വീട്ടിലെ വിരുന്നു കഴിഞ്ഞിറങ്ങിയപ്പോൾ, ഒത്തിരി വൈകി
അപ്പോഴാണ് അമ്മയെം കൂട്ടി പുറത്ത് പോകണ കാര്യം രമ്യ പറഞ്ഞത്
രാജ്മോഹൻ ഓർത്തത്
" ശോ ഇനിയിപ്പോ അവളോടെന്ത് പറയും, പാവം അമ്മ കാത്തിരുന്നു കാണുമോ,
അമ്മ ഭക്ഷണം കഴിച്ച് കാണില്ല, ഈ നശിച്ച മഴ വേഗത്തിൽ പോകാനും
സമ്മതിക്കില്ല"

ഒരു വളവ് കഴിഞ്ഞപ്പോൾ രണ്ട് മൂന്ന് പേർ കൂടി നിൽക്കുന്ന കണ്ട് രാജ്മോഹൻ വണ്ടി നിർത്തി ഗ്ലാസ് താഴ്ത്തിയതും, രണ്ട് പേർ ഓടി വന്ന് സാറെ ഒന്നിറങ്ങി വന്നേ, ഒരത്യാവശ്യമാ പ്ലീസ്,

ആക്സിഡന്റ് തന്നെ ആകുമെന്ന് മനസ്സിൽ ഉറപ്പിച്ച് തന്നെ നനഞ്ഞു കൊണ്ട് പുറത്തിറങ്ങി,

"എന്താ സംഭവം"

സാറേ നോക്കിയെ ഏതൊ വണ്ടി തട്ടി ഇട്ടിട്ട് പോയതാണ്,

"ആദ്യ നോട്ടത്തിൽ തന്നെ രാജ് മോഹന്റെ ദൃഷ്ടി പതിഞ്ഞത് കാലിലേയ്ക്കായിരുന്നു....
അതെ
തന്റെ നിദ്രകളെ വേട്ടയാടുന്ന അതെ
'ചിലങ്കകൾ '

"കാഴ്ചയിൽ ഒരു ഇരുപത്തിയഞ്ച് വയസ്സ് തോന്നിക്കും ചുരിദാറാണ് വേഷം, തലപൊട്ടി ചോര ഒലിക്കുന്നുണ്ട്, എത്രയും പെട്ടെന്ന് ഹോസ്പിറ്റലിൽ എത്തിക്കണം"

സാറെ കിംസ് ഇവിടെ അടുത്താ നമുക്ക് അങ്ങോട്ട് കൊണ്ട് പോകാം ഇത് പറഞ്ഞ് കൊണ്ട് തന്നെ അവർ ആ  കുട്ടിയെ കാറിന്റെ പിൻസീറ്റിലേയ്ക്ക് കയറ്റി

മുഖത്തെ രക്തത്തുള്ളികളെക്കാൾ രാജ്മോഹന്റെ മനസ്സ് മുഴുവൻ ചിലങ്കയിലെ മഴത്തുള്ളികൾ ആയിരുന്നു,

കാർ ഡ്രൈവ് ചെയ്യുമ്പോഴും, മനസ്സ് ചിലങ്കയിലൂടെ തന്നെ സഞ്ചരിക്കുകയായിരുന്നു,

"വല്ല ഡാൻസ് ക്ലാസും കഴിഞ്ഞ് നടന്നു പോയ വഴിക്ക് വല്ല വണ്ടിയും തട്ടി ഇട്ടതാകും അല്ലെ സാർ, ഞാനും രായപ്പനും, സുനി കൺട്രാക്കിന്റെ വീട്ടിൽ നിന്ന് കൂലിയും വാങ്ങി നടന്ന് വരണ വഴിയാ കണ്ടത് സാറ് വന്നത് ഭാഗ്യമായി "

" എട്ടാ ഇന്നലെ വണ്ടി തട്ടിയ കുട്ടിയ്ക്ക് എങ്ങനെയുണ്ട്, ഇന്ന് ഹോസ്പിറ്റൽ ൽ പോകുമ്പോ ഞാനും അമ്മയും കൂടെ വരാം ബന്ധുക്കൾ ആരും ഇത് വരെ വരാത്ത സ്ഥിതിക്ക്, വേറെ ആരുമില്ലല്ലോ?

"രമ്യയോട് ആ കുട്ടിയുടെ കാലിലെ ചിലങ്കയുടെ കാര്യം പറഞ്ഞിട്ടില്ല കുറച്ച് കഴിയട്ടെ പറയാം

തലയിൽ സ്റ്റിച്ചുണ്ട് ദേഹത്തിന്റെ പല സ്ഥലത്തും മുറിവുമുണ്ട്, പക്ഷെ അത്ര സീരിയസ് മുറിവുകൾ അല്ല 5 ദിവസത്തിനുള്ളിൽ ഡിസ്ചാർജ് ചെയ്യാം, പക്ഷെ ഇത് വരെയും കുട്ടിയുടെ ബന്ധുക്കളാരും, വന്നിട്ടില്ല തന്നെയുമല്ല ഏത് വണ്ടിയാണ് ഇടിച്ചതെന്നോ, നടന്ന സംഭവത്തെ പറ്റിയോ ഒന്നും മിണ്ടുന്നുമില്ല, ബോധം വന്നപ്പോൾ കാലിലെ ചിലങ്ക കാണാത്തതിന് ബഹളം വച്ചു അത് കണ്ടതിന് ശേഷമാണ് അൽപം ശാന്തമായത് എന്തായാലും കുട്ടിയ്ക്ക് കുറച്ച് റസ്റ്റ് ആവശ്യമാണ് "

ഡോ: സക്കറിയയുടെ വാക്കുകൾ രാജ് മോഹനും അമ്മയും ശ്രദ്ധയോടെ കേട്ടിരുന്നു.

താൻ എന്റെ ബാലചന്ദ്രന്റെ മകനായതിനാലും തനിക്ക് നൂലാമാലകൾ വേണ്ട എന്നു കരുതിയുമാ ഞാൻ കേസാക്കാൻ ശ്രമിക്കാതിരുന്നത്, അമ്മ പറയുന്ന കേട്ട് നീ എടുത്ത് ചാടി ഒന്നും ചെയ്യല്ലേ....

" ഇല്ല ഡോക്ടറെ എന്റെ മോൾക്കാണ് ഈ അവസ്ഥ വന്നതെങ്കിലോ എന്തായാലും ബന്ധുക്കൾ വരുന്നവരെ അവൾ വീട്ടിൽ നിൽക്കട്ടെ.... ഇതാ എന്റെ തീരുമാനം" അമ്മ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

മാസങ്ങൾ കഴിഞ്ഞു, അവൾ വീടുമായി നല്ല പോലെ ഇണങ്ങി, രമ്യയും അമ്മയുമായി അവൾ നല്ല അടുപ്പമായി, അവർക്കവൾ അമ്മു ആണ്, പക്ഷേ എന്റെ മനസ്സിൽ ഇപ്പോഴും ആ നിഗൂഡത നിറഞ്ഞ് നിൽക്കുന്നുണ്ട്.....

രാജ് മോഹനെ അതിശയപ്പെടുത്തിയ കാര്യം അമ്മു വീട്ടിൽ വന്നതിന് ശേഷം അവനിത് വരെ ആ സ്വപ്നം കണ്ടിട്ടില്ല.....

ചിലങ്ക ചേർത്ത് പിടിച്ച് ചിലപ്പോഴവൾ പൊട്ടി കരയും അത് കാലിൽ കെട്ടി നോക്കും, അത് കയ്യിൽ വച്ച് കുറെ നേരം അകലേയ്ക്ക് നോക്കിയിരിക്കും,

ഇന്ന് മംഗലത്ത് തറവാട്ടിലെ ഒരംഗത്തെ പോലെയായി എങ്കിലും, അവരാരും പഴയ കഥകൾ അവളോട് ചോദിച്ചില്ല, ബാലികാ സദനത്തിലെ കുട്ടികളെ കാണാൻ ഇടയ്ക്കിടെ പോകുമായിരുന്നു, അവിടെ തിരക്കിയപ്പോഴാണ് വർഷങ്ങൾക്ക് മുൻപ് ആ അനാഥാലായത്തിന്റെ ചുവരുകളിൽ പ്രതിധ്വനിച്ചിരുന്ന വൈഗ എന്ന കുസൃതി കുടുക്കയുടെ ചിലങ്കയുടെ സ്വരം ഇപ്പോഴുമവരുടെ ചെവികളിൽ മുഴങ്ങുന്നുണ്ട്.... അവിടെ നിന്ന് നൂപുരയിലേയ്ക്ക് പോയി എന്ന് മാത്രമേ അവർക്കറിയു പിന്നെ എന്തു സംഭവിച്ചു എന്ന് വൈഗയോട് ചോദിക്കണ്ട എന്നാണ് മനസ് പറയുന്നത്....

വൈഗ ആരെയും അറിയിക്കാതെ മുന്നോട്ട് പോയി... ചിലങ്കയുടെ കണ്ണീരിന് നിയമത്തിന്റെ തലോടൽ..
ചിന്തകളിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് അവൾ തിരിച്ച് വന്നപ്പോൾ അവളുടെ മുന്നിൽ ഒരുക്കങ്ങൾ ഏതാണ്ട് പൂർത്തിയായി കഴിഞ്ഞിരുന്നു അവളുടെ മുന്നിലെ വലിയ ഘടികാരം അതിന്റെ ഭ്രാന്തമായ കറക്കം നിർത്തി ഏതാണ്ട് സംതൃപ്തി അടഞ്ഞ മട്ടിൽ ശാന്തമായി കറങ്ങാൻ തുടങ്ങിയിരുന്നു .

"യുവർ ഓണർ വാദിയെ വിസ്തരിക്കാൻ ആദ്യമായി എന്നെ അനുവദിക്കണം എന്ന് ഞാൻ അപേക്ഷിക്കുന്നു "

പ്രതി ഭാഗം വക്കീലിന്റെ ശബ്ദം അവളുടെ കാതുകളിലേക്ക് തുളച്ച് കയറി,അത് വരെ അവൾ സംഭരിച്ച് വച്ച എല്ലാ ധൈര്യവും തന്നിലേക്ക് പതിയുന്ന കണ്ണുകളുടെ മുന്നിൽ തകർന്നു വീഴുന്നത് അവൾ ഞെട്ടലോടെ തിരിച്ചറിഞ്ഞു . തന്നെ മകളെ പോലെ സ്നേഹിക്കുന്ന അമ്മയോടും, രമ്യയോടും, തന്റെ ജീവൻ രക്ഷിച്ച രാജേട്ടനോട് പോലും പറയാതെ പരാതി കൊടുക്കാൻ താൻ പോയ നിമിഷത്തെ,മനസ്സറിയാതെ ശപിച്ച് കൊണ്ടവൾ മുന്നോട്ട് നടന്നു...

തുളഞ്ഞു കയറുന്ന നോട്ടങ്ങളിൽ ചിലതിൽ ഇരയെ കാണുമ്പൊൾ ഉള്ള വേട്ടക്കാരന്റെ സന്തോഷം അവൾ തിരിച്ചറിയുന്നുണ്ടായിരുന്നു . ചിലവ സഹതാപം മുറ്റി നിന്ന കണ്ണുകൾ ആയിരുന്നു ,ചിലത് സങ്കടം മാത്രം ഉള്ള കണ്ണുകൾ, അതിലെവിടെയെങ്കിലും തന്റെ ചിലങ്ക പൊട്ടിച്ചെറിഞ്ഞ കഴുകൻ കണ്ണുകൾ ഉണ്ടായിരുന്നുവോ?

കോടതിയിൽ എല്ലാവരുടെയും മുന്നിൽ വിസ്താരക്കൂട്ടിലേക്ക് അവൾ നടക്കുമ്പോൾ അവളുടെ വസ്ത്രങ്ങൾ ഓരോന്നോരോന്നായി അഴിഞ്ഞു വീഴുന്നതായി അവൾക്ക് തോന്നി , പൂർണ നഗ്നയായി, തന്റെ ചിലങ്കകൾ,പൊട്ടിച്ചെറിഞ്ഞ് അവൾ വിസ്തരിക്കപ്പെടാൻ നിൽക്കുമ്പോൾ പുറത്ത് സദാചാര പ്രാസംഗികർ തകർത്തു,പ്രസംഗിക്കുന്നുണ്ടായിരുന്നു...

( അഭി )